**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 853** **11-02-2025 - ൽ മറുപടിയ്ക്ക്**

**അക്രഡിറ്റഡ് എഞ്ചിനീയർമാരെ നിയമിക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ അക്രഡിറ്റഡ് എഞ്ചിനീയർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ 2022 - 24 കാലയളവിൽ 300 അക്രഡിറ്റഡ് എഞ്ചിനീയർമാരുടെ ആദ്യ ബാച്ചിനെ നിയമിക്കുകയും പരിശീലനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട് . അടുത്ത ബാച്ചിനെ<br><br>തെരഞ്ഞെടുക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു . |
| (ബി) | എങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ 2022 - 24 കാലയളവിൽ 300 അക്രഡിറ്റഡ് എഞ്ചിനീയർമാരുടെ ആദ്യ ബാച്ചിനെ നിയമിക്കുകയും പരിശീലനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട് . അടുത്ത ബാച്ചിനെ<br><br>തെരഞ്ഞെടുക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു . |
| (സി) | ഇത്തരത്തിൽ അക്രഡിറ്റഡ് എഞ്ചിനീയർമാരെ നിയമിക്കുന്നതിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ? | (സി) | സിവിൽ എഞ്ചിനീയറിംഗിൽ B.Tech/Diploma/ITI പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിലെ യുവതീ യുവാക്കൾക്ക് പ്രത്യേക പരിശീലനം നൽകി മികച്ച തൊഴിലുകൾ സംപ്രാപ്തമാക്കുന്നതിന് സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇത്. എഞ്ചിനീയറിംഗ് വൈദഗ്ധ്യം ആവശ്യമുള്ള, വകുപ്പിന്റെ പദ്ധതികളുടെ നിർവഹണത്തിൽ വളരെ വലിയ പുരോഗതി ഉണ്ടാക്കുന്നതിന് ഇവരുടെ സേവനം പ്രയോജനപ്പെടുന്നുണ്ട് . പ്രാവീണ്യം നേടിയിട്ടുള്ള പ്രൊഫഷനുമായി ബന്ധപ്പെട്ട് തൊഴിൽ നേടുന്നതിന് പ്രായോഗിക പരിജ്ഞാനം, അനുഭവജ്ഞാനം എന്നിവ ലഭ്യമാക്കുന്നതിനും അഭിമുഖങ്ങളിലും മറ്റും ആത്മവിശ്വാസത്തോടെ പങ്കെടുക്കുന്നതിനും പ്രസ്തുത പരിശീലന പദ്ധതിയിലൂടെ സാധിക്കുന്നുണ്ട് . |

സെക്ഷൻ ഓഫീസർ